






ഓഫീസ് മന്ദിരം ഉദ്ഘാടനം



കെ.വി.കെ. ആത്മ പ്ലസ്- സാങ്കേതിക വിദ്യാ സംഗമം



സെമിനാർ- "ആലപ്പുഴ ജില്ലയ്ക്ക് അനുയോജ്യമായ സംയോജിത കൃഷി രീതികൾ"



മുഖാമുഖം- "നെല്ല് പച്ചക്കറികൾ, വാഴ എന്നീ വിളകളുടെ സംയോജിത പരിപാലനം"



ബോധവത്ക്കരണ സെമിനാർ-സസ്യ ഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും



മുഖാമുഖം- കേര ഉത്പന്ന സംരംഭങ്ങളും സാധ്യതകളും


# കൃഷി വിജ്ഞാന കേന്ദ്രം- ആലപ്പുഴ

# KRISHI VIGYAN KENDRA - ALLEPPEY

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കൃഷ്ണപുരം, കായംകുളം - 690 533, കേരളം

## വാർത്താപത്രിക

വാല്യം 11 ലക്കം 04 ഒക്ടോബർ-ഡിസംബർ 2013




## ഓഫീസ് മന്ദിരം ഉദ്ഘാടനം



**കൃ**ഷി വിജ്ഞാന കേന്ദ്രത്തിന്റെ പുതിയ ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം ബഹു. കേന്ദ്ര വ്യോമയാന സഹമന്ത്രി ശ്രീ. കെ.സി. വേണുഗോപാൽ 2013 നവംബർ 22 ന് നിർവ്വഹിച്ചു. സോണൽ പ്രോജക്ട് ഡയറക്ടർ ഡോ. എസ്. പ്രഭുകുമാർ; കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപന വിഭാഗം മേധാവി ഡോ. പി.വി. ബാലചന്ദ്രൻ; കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ഡയറക്ടർ ഡോ. ജോർജ്ജ് വി. തോമസ്; കായംകുളം മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീമതി. സൈറനുജുമുദ്ദീൻ; കൃഷ്ണപുരം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ. രവി; കായംകുളം മുനിസിപ്പാലിറ്റി കൗൺസിലർ ശ്രീമതി. ടി.സലീന; എന്നിവർ പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു. തദവസരത്തിൽ ആലപ്പുഴ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 14 കർഷക ശാസ്ത്രജ്ഞരെ ആദരിച്ചു. ചടങ്ങിൽ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെയും സി.പി.സി.ആർ.ഐ. പ്രദേശിക കേന്ദ്രത്തിന്റെയും പ്രസിദ്ധീകരണങ്ങൾ പ്രകാശനം ചെയ്തു.





## സാങ്കേതിക വിദ്യാ വാരാചരണം-
## കൽപകം 2013

കെ.വി.കെ. യുടെ പുതിയ ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നവംബർ 19 മുതൽ 22-ാം തീയതി വരെ സാങ്കേതിക വിദ്യാ വാരാചരണം സംഘടിപ്പിച്ചു. കെ.വി.കെ.-ആത്മ പ്ലസ് സാങ്കേതിക വിദ്യാ സംഗമം ഉൾപ്പെടെ നാല് ദിവസത്തെ പരിപാടിയിൽ "കേരോത്പന്ന സംരംഭങ്ങളും സാധ്യതകളും" എന്ന മുഖാമുഖപരിപാടിയും "സസ്യ ഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും" എന്ന ബോധവത്ക്കരണ സെമിനാറും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ജില്ലയിലെ കൃഷി, മൃഗസംരക്ഷണ വകുപ്പുകളെയും ആത്മ,



റെയ്ഡ്കോ, ഗാന്ധി സ്മാരക ഗ്രാമസേവ കേന്ദ്രം, വി.എഫ്.പി.സി.കെ., ജില്ലാ കൃഷിത്തോട്ടം തുടങ്ങിയ പ്രധാന ഏജൻസികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരുക്കിയ സാങ്കേതിക പ്രദർശനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യു. പ്രതിഭാ ഹരി നവംബർ 19 ന് ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗ



ങ്ങളിൽ നിന്നുള്ള ഏകദേശം 1100 ഓളം കർഷകരും 150 ഓളം വിദ്യാർത്ഥികളും സ്റ്റാളുകൾ സന്ദർശിക്കുകയുണ്ടായി. പച്ചക്കറി വിത്തുകൾ, മുട്ടക്കോഴി, കൂൺവിത്ത്, ഫലവർഗ്ഗചെടികൾ, കായിച്ച കെണികൾ, നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങൾ എന്നിവ പ്രദർശനത്തിൽ വിൽക്കുകയുണ്ടായി. കെ.വി.കെ. സ്റ്റാളിൽ പ്രദർശിപ്പിച്ച ആലപ്പുഴ ജില്ലയ്ക്കനുയോജ്യമായ സംയോജിത കൃഷി മാതൃക സന്ദർശകരുടെയും മാധ്യമങ്ങളുടെയും ശ്രദ്ധ ആകർഷിച്ചു.

## കെ.വി.കെ.-ആത്മപ്ലസ്
## സാങ്കേതിക വിദ്യാ സംഗമം

**സാ**ങ്കേതിക വിദ്യാ വാരാചരണത്തോടനുബന്ധിച്ച് കൃഷി വിജ്ഞാന കേന്ദ്രവും ആത്മ പ്ലസ് പദ്ധതിയും സംയുക്തമായി നവംബർ 19, 20 തീയതികളിൽ സാങ്കേതിക വിദ്യാ സംഗമം സംഘടിപ്പിച്ചു. ഈ സംഗമത്തിന്റെ ഉദ്ഘാടനം അഡ്വ. യു. പ്രതിഭാഹരി നവംബർ 19 ന് നിർവ്വഹിച്ചു. കായംകുളം സി.പി.സി.



ആർ.ഐ. പ്രദേശിക കേന്ദ്രം മേധാവി ഡോ. വി.കൃഷ്ണകുമാർ; പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. മായാകുമാരി; കൃഷിവകുപ്പ് ജോ.ഡയറക്ടർ ശ്രീമതി. ആനി.കെ.ചെറിയാൻ; ജില്ലാ മൃഗസംരക്ഷണ ഓഫീസർ ശ്രീമതി. ലിസി പി. സ്കറിയ;



ക്ഷീരവികസന വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. കെ.ജി. ശ്രീലത; അഡാക് റീജിയണൽ എക്സിക്യുട്ടീവ് ശ്രീ. കെ.കെ. അനിരുദ്ധൻ; ജില്ലാ ഫിഷറീസ് വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ജാസ്മിൻ. കെ. ജോസ്, ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. മീര സേനൻ; ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ശ്രീമതി. നീനാ റാഫേൽ എന്നിവർ ചടങ്ങിൽ സംസാരിച്ചു. കെ.വി.കെ.യുടെ സംയോജിത കൃഷിരീതി മാതൃകയാക്കിയ മികച്ച പങ്കാളിത്ത കർഷകരായ ശ്രീമതി. രാധാമണി പൊള്ളത്തായി, സുരേഷ്കുമാർ വള്ളികുന്നം എന്നിവരെ ചടങ്ങിൽ ആദരിച്ചു.

## "ആലപ്പുഴ ജില്ലയ്ക്കനുയോജ്യമായ സംയോജിത കൃഷി രീതികൾ" എന്ന വിഷയത്തിൽ സെമിനാർ

കെ.വി.കെ. –ആത്മ പ്ലസ് സാങ്കേതികവിദ്യാ സംഗമത്തിന്റെ ഭാഗമായി ആദ്യ ദിവസം **"ആലപ്പുഴ ജില്ലയ്ക്കനുയോജ്യമായ സംയോജിത കൃഷിരീതികൾ"** എന്ന വിഷയത്തിൽ ചർച്ചയും മുഖാമുഖവും സംഘടിപ്പിച്ചു. കായംകുളം സി.പി.സി.ആർ. ഐ. പ്രാദേശികകേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ ചർച്ച നയിച്ചു. കൃഷി വിജ്ഞാനകേന്ദ്രം മൃഗസംരക്ഷണ




വിഭാഗം വിദഗ്ദ്ധൻ ഡോ. എസ്. രവി വിഷയാവതരണം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ വിവിധ വകുപ്പുകളുടെ ജില്ലാതല മേധാവികൾ പങ്കെടുത്തു. ആദരിക്കപ്പെട്ട കർഷകരായ ശ്രീമതി. രാധാമണി പൊള്ളത്തായി, ശ്രീ. സുരേഷ്കുമാർ വള്ളികുന്നം എന്നിവർ അവരുടെ അനുഭവങ്ങൾ മറ്റു കർഷകരുമായി പങ്കു



വെയ്ക്കുകയുണ്ടായി. ആലപ്പുഴ ജില്ലയിലെ ആറു ബ്ലോക്കുകളിൽ നിന്നായി 250 ഓളം തെരഞ്ഞെടുക്കപ്പെട്ട കർഷകർ ഈ പരിപാടിയിൽ പങ്കെടുത്തു.

## മുഖാമുഖം– "നെല്ല് പച്ചക്കറികൾ, വാഴ എന്നീ വിളകളുടെ സംയോജിത പരിപാലനം"

**സാ**ങ്കേതിക വിദ്യാ സംഗമത്തിന്റെ രണ്ടാം ദിവസം, **"നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകളുടെ സംയോജിത പരിപാലനം"** എന്ന വിഷയത്തിൽ കർഷക ശാസ്ത്രജ്ഞ മുഖാമുഖം സംഘടിപ്പിച്ചു. മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രം മേധാവി ഡോ. എസ്. ലീനാകുമാരി ചർച്ച നയിച്ചു. കെ.വി.കെ. പ്രോഗ്രാം കോർഡിനേറ്റർ ഡോ. പി. മുരളീധരൻ ചർച്ചാ വിഷയത്തെക്കുറിച്ചുള്ള ആമുഖം നൽകുകയുണ്ടായി. കായംകുളം



സി.പി.സി.ആർ.ഐ. പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി.കൃഷ്ണകുമാർ; ഓണാട്ടുകര മേഖല കാർഷിക ഗവേഷണ കേന്ദ്രം മേധാവി ഡോ. ടി. എൻ. വിലാസിനി; അസോസ്സിയേറ്റ് പ്രൊഫ. ഡോ. ജി. സുജ; വൈറ്റില നെല്ല് ഗവേഷണ കേന്ദ്ര



ത്തിലെ പ്രൊഫ. ആനി കോരുത്ത്; മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിലെ അസോസ്സിയേറ്റ് പ്രൊഫ. ഡോ. മനോജ് മാത്യു; അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. എം. സുരേന്ദ്രൻ എന്നീ വിദഗ്ദർ ചർച്ചയിൽ പങ്കെടുത്തു. ജില്ലയിലെ 6 ബ്ലോക്കുകളിൽ നിന്നായി 200 ഓളം തെരഞ്ഞെടുക്കപ്പെട്ട കർഷകരും അമ്പതോളം കൃഷി ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുത്തു.

## ബോധവത്ക്കരണ സെമിനാർ

**സാ**ങ്കേതിക വിദ്യാ വാരാചരണത്തോനുബന്ധിച്ച് 21.11.2013 ൽ **"സസ്യ ഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും"** എന്ന വിഷയത്തിൽ കേന്ദ്ര സർക്കാരിനു കീഴിലുള്ള പി.പി.വി. ആന്റ് എഫ്. ആർ അതോറിറ്റിയുടെ പങ്കാളിത്തത്തോടെ ബോധവത്ക്കരണ സെമിനാർ നടത്തി. കർഷകരുടെയും സസ്യ പ്രജനനം നടത്തുന്നവരുടെയും ഇനങ്ങളുടെ മേലുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പുതിയ ഇനങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള പ്രോത്സാഹനം നൽകുന്നതിനുമായി ഭാരത സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന നിയമമാണ്"സസ്യ ഇനങ്ങളുടെ സംരക്ഷണവും കർഷകരുടെ അവകാശങ്ങളും" (PPV&FR Act 2001). കേരള കാർഷിക

സർവ്വകലാശാല അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ഡോ. വി.കെ. രാജു സെമിനാർ ഉദ്ഘാടനം ചെയ്തു.



സദാനന്ദപുരം ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷൻ പ്രൊഫസർ ആന്റ് ഹെഡ് ഡോ. എസ്. റജീന "പി.പി.വി.എഫ്.ആർ നിയമവും കർഷകരുടെ അവകാശങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കിയും, തിരുവനന്തപുരം കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എം.എൻ. ഷീല "കർഷക ഇനങ്ങളുടെ രജിസ്ട്രേഷൻ രീതികൾ"



എന്ന വിഷയത്തിലും കായംകുളം സി.പി.സി.ആർ.ഐ. പ്രാദേശിക കേന്ദ്രം സീനിയർ സയന്റിസ്റ്റ് ഡോ. റെജി ജേക്കബ് തോമസ് "സസ്യ ജനിതക സംരക്ഷക അവാർഡുകൾ" എന്ന വിഷയത്തിലും കർഷകർക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുകയുണ്ടായി. കർഷക ഇനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്റെ ആവശ്യകതയെക്കുറിച്ചും രജിസ്റ്റർ ചെയ്യുന്ന രീതികളെക്കുറിച്ചും അതുകൊണ്ട് കർഷകർക്കുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും സെമിനാറിൽ വിശദീകരിക്കപ്പെടുകയുണ്ടായി. ഇതിന്റെ ഭാഗമായി കർഷകരുടെ ഇനങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി കൊണ്ടുവന്ന് പ്രദർശിപ്പിച്ച ചെന്തെങ്ങ്, കഞ്ഞിക്കുഴിപ്പയർ, ഔഷധ സസ്യങ്ങൾ എന്നിവ പ്രത്യേക ശ്രദ്ധ ആകർഷിച്ചു. ഏകദേശം 110 ഓളം കർഷകർ ഈ പരിപാടിയിൽ പങ്കെടുത്തു.

## കേരോത്പന്ന സംരംഭങ്ങളും സാധ്യതകളും– മുഖാമുഖം

**സാ**ങ്കേതിക വിദ്യാ വാരാചരണത്തിന്റെ നാലാം ദിവസമായ 22.11.2013 ന് **"കേരോത്പന്ന സംരംഭങ്ങളും, സാധ്യതകളും"** എന്ന വിഷയത്തിൽ ചർച്ചയും മുഖാമുഖവും സംഘടിപ്പിച്ചു. കായകുളം സി.പി.സി.ആർ.ഐ. പ്രാദേശിക




കേന്ദ്രം മേധാവി ഡോ. വി.കൃഷ്ണകുമാർ ചർച്ച നയിച്ചു. കെ.വി.കെ. ഹോം സയൻസ് വിഭാഗം വിദഗ്ദ്ധ ശ്രീമതി. ജിസ്സി ജോർജ്ജ് വിഷയാവതരണം നടത്തി. കരപ്പുറം നാളികേര ഉത്പാദക കമ്പനി ചെയർമാൻ അഡ്വ. പ്രിയേഷ് കുമാർ; കേരഫെഡ്, കൊല്ലം ജില്ലാ മാനേജർ ശ്രീ. സജീവ്; നബാർഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. മോഹനൻ; ജില്ലാ വ്യവസായ വകുപ്പ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. കൃഷ്ണകുമാർ; നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എസ്.എസ്. ചോയൽ; ടെക്നിക്കൽ ഓഫീസർ ശ്രീമതി. ഡി.എസ്. രശ്മി



എന്നിവർ നാളികേര മൂല്യവർദ്ധന ഉത്പന്നങ്ങളുടെ സാധ്യതകളെ കുറിച്ചും അവരവരുടെ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങളെക്കുറിച്ചും ചുരുക്കത്തിൽ പ്രതിപാദിച്ചു. സി.പി.സി.ആർ.ഐ. ഡയറക്ടർ ഡോ. ജോർജ്ജ് വി. തോമസ് ക്രോഡീകരണ പ്രഭാഷണം നടത്തി. നാളികേര ഉത്പാദക സൊസൈറ്റി, നാളികേര ഉത്പാദക ഫെഡറേഷൻ, നാളികേര ഉത്പാദക കമ്പനി എന്നിവയുടെയും നാളികേര സംരംഭകരുടെയും , കർഷകരുടെയും പ്രതിനിധികൾ ഉൾപ്പടെ 200 ഓളം പേർ പ്രസ്തുത മുഖാമുഖത്തിൽ പങ്കെടുത്തു.

*പ്രസാധനം* : **ഡോ. ജോർജ്ജ് വി. തോമസ്**, ഡയറക്ടർ, സി.പി.സി.ആർ.ഐ., കാസർഗോഡ്;
*ഏകോപനം & എഡിറ്റിംങ്* : **ഡോ. പി. മുരളീധരൻ**, പ്രോഗ്രാം കോർഡിനേറ്റർ; *ശേഖരണം & ലേഔട്ട്* : **ലേഖ ജി.**, എസ്.എം.എസ്.;
*സാങ്കേതിക വിവരങ്ങൾ* : **ഡോ.കെ.സജ്നനാഥ്, ജിസ്സി ജോർജ്ജ്, ഡോ.എസ്. രവി, രാജീവ് എം.എസ്.**
*സാങ്കേതിക സഹായം* : **ബിജില പി.വി., അൻസാരി കെ.എം.**